സി 5- 20195/88

ചീഫ് ഫോറസ്റ്റ് കൺസർവവേറ്റർ ആഫീസ്
തിരുവനന്തപുരം. തീയതി : 20-1-89.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
തിരുവനന്തപുരം

ഗവൺമെന്റ് സെക്രട്ടറി
വന്യജീവി (ബി) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കൊണ്ടാഴി വില്ലേജിലെ സർവെ 613/5 ൽ താമസിക്കുന്ന ചക്കമലയത്ത് പത്മനാഭൻ നായരുടെ വീട്ടിന് ഹാനികരമായി നിന്നിരുന്ന തേക്കുമരം മുറിച്ചു നീക്കം ചെയ്യുന്നത് ,സംബന്ധിച്ച് ഉത്തരവ്.

സൂചന: 5388 ലെ സർക്കാർ ഉത്തരവ് (സാധാരണ) നം : 117/88/വനം

സുചനയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ടി ചക്കമെലയത്ത് പത്മനാഭൻ നായരരുടെ വീടിന് ഹാനികരമായി നിന്നിരുന്ന തേക്കുമരം മുറിച്ച് മാറ്റുന്നതിന് അനുവാദം നൽകിയ നടപടി സൂചനയിലെ ഉത്തരവുമൂലം സർക്കാർ അംഗീകരിക്കുകയുണ്ടായി. 'മേലിൽ ഇത്തരം കേസ്സുകൾ ഫോറസ്റ്റ് ആക്റ്റിലേയും 1986 ലെ കേരളപ്രിസർവേഷൻ ഓഫ് ട്രീസ് ആക്റ്റിലേയും വ്യവസ്ഥകളനുസരിച്ച് ചെയ്യേണ്ടതാണ്' എന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

15-5-1987 ലെ ജി ഒ. (എം എസ്) 48യ87 എഫ് ആന്റ് ഡബ്ളിയു. എൽ ഡി ഉത്തരവിലെ നിബന്ധനകൾ ഇത്തരം കേസ്സുകളിൽ സാധകമാക്കേണ്ടതില്ലെന്നും, കേരള ഫോറസ്റ്റ് ആക്റ്റിലേയും വൃക്ഷസംരക്ഷ നിയമത്തിലേയും വ്യവസ്ഥകളനുസരിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിൽ ഇത്തരം കാര്യങ്ങളിൽ തീർപ്പ് കല്പിക്കാമെന്നുമാണോ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമല്ല. ഈ കാര്യത്തിൽ വേണ്ട വിശദീകരണം നൽകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്
ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർക്കു വേണ്ടി

പകർപ്പ് തൃശ്ശൂർ ഫോറസ്റ്റ് കൺസർവേറ്റർക്ക് (ജി3-4091/88)

അംഗീകാരത്തോടെ,

(ശരി പകർപ്പ്)

ജീനിയർ സൂപ്രണ്ട്.